Mr. Speaker: The question is Vague. The identity of the newspapers, the date of publication of the alleged report and other necessary details are not given. Further, information asked for is whether that report is correct. The question is disallowed.

Sri. K. R. Elenkath. My question is whether the Chief Minister made a statement to the President of the Devaswom Board. That is a question of fact.

Mr. Speaker: Correctness of that report cannot be made the subject matter of a question.

ശ്രീ. എ. കെ. പാച്ചുപിള്ള: ശബരിമലസംഭവം ഇന്നവിധത്തിൽ ഉണ്ടായതാണ് എന്നതിനെപ്പറ്റി മുൻ ചീഫ് മിനിസ്റ്റർ റാന്നിയിൽവച്ച് ഈയിടെ ഒരു പ്രസംഗം ചെയ്തതായി ഇപ്പോഴത്തെ ചീഫ് മിനിസ്റ്ററുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: ശബരിമല സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടുപിടിച്ച് ശിക്ഷിക്കാത്തതിൽ ഈ രാജ്യത്തു സൈരജീവിതം നയിക്കണമെന്നു ആഗ്രഹിക്കുന്ന ക്രസ്ത്യാനികൾക്ക് വളരെ ഉൽക്കണ്ഠയുണ്ടെന്നു അറിയാമോ?

Mr. Speaker: The member is supplying information.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഈ പരിതസ്ഥിതികളിൽ മി. കേശവമേനോന്റെ റിട്ടയർ പരസ്യപ്പെടുത്തുന്നതായിരിക്കും നല്ലത് എന്നു് ഗവണ്മെണ്ടിനു് തോന്നുന്നുണ്ടോ?

Mr. Speaker: That is a matter of opinion.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: ശബരിമല കേസുസംബന്ധിച്ചു വിവരങ്ങൾ പ്രസിദ്ധപ്പെടുത്താതിരിക്കുന്നതു് ആ സംഭവം കമ്മ്യൂണിസ്റ്റുകാർ ചെയ്തതാണെന്നു വരുത്തിത്തീർക്കുവാൻ ഗവണ്മെണ്ടു ചെയ്യുന്ന ശ്രമത്തിന്റെ ഫലമാണെന്നു ജനങ്ങൾ ധരിക്കുന്നതു് ശരിയാണോ?

Mr. Speaker: That is a matter of inference.

ലോക്കപ്പുകളിൽ മരണം

* ൭൫൨ (൨൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ നവമ്പർ ൧൫-ാം തീയതിക്കുശേഷം തിരുവിതാംകൂർ-കൊച്ചി ലാക്കപ്പുകളിൽ കിടന്നു് എത്ര പേർ മരിച്ചിട്ടുണ്ടു്;

(ബി) അവരിൽ എത്ര പേർ ലാക്കപ്പു മർദ്ദനംമൂലം മരിച്ചതായി പൊതുജനങ്ങളുടെ ഇടയിൽനിന്നു പരാതി കിട്ടിയിട്ടുണ്ടു്;

(സി) ലാക്കപ്പു മർദ്ദനം കുറയ്ക്കണമെന്നു് ഗവണ്മെണ്ടു് ആഗ്രഹിക്കുന്നുണ്ടോ;

(ഡി) അതിലേയ്ക്കു് വല്ല നടപടിയും കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) ലാക്കപ്പു മർദ്ദനം കുറയ്ക്കണമെന്നു കാണിച്ചു് ചീഫ് മിനിസ്റ്ററോ ഐ. ജിയോ വല്ല സർക്കുലറും അയച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൪.

(ബി) ൨.

LIBRARY ARCHIVES Kerala Legislative Assembly

(സി) അച്ചടക്കം പാലിക്കുന്നതിനുവേണ്ടിയോ ആത്മരക്ഷക്കുവേണ്ടി യോ അല്ലാതെ വെടിയുണ്ട പ്രയോഗിക്കുവാൻ ഉത്തരവു കൊടുത്തിട്ടുണ്ടോ?

(ഡി; ഇ) ലാക്കപ്പുകളിലെ പ്രതികളെ യാതൊരു കാരണവശാലും ഭേദോപദ്രവം ഏല്പിക്കരുതെന്നു് ഗവണ്മെണ്ടിൽനിന്നും കർശനമായ ഉത്തരവു കൊടുത്തിട്ടുണ്ടു്.

Sri. P. Balakrishnan Tampi: Sir, on a point of order. Part (c) of the question contains an insinuation. That cannot be allowed.

Mr. Speaker: That ought not to have been allowed.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഹരിപ്പാട്ടു ലാക്കപ്പിൽവച്ചു ഒരാൾ മരണമടഞ്ഞതിനെപ്പറ്റി അന്വേഷണം നടത്താൻ ആലപ്പുഴ ഡെപ്യൂട്ടി കലക്ടർ മി. എബ്രഹാമിനെ നിയമിച്ചിരുന്നോ?

ശ്രീ. സി. കേശവൻ: ഒരു പ്രാരംഭാന്വേഷണത്തിനുവേണ്ടിയാണു് അദ്ദേഹത്തെ നിയമിച്ചിരുന്നതു്. ഇപ്പോൾ അതിനെ സംബന്ധിച്ചു ഒരു പരസ്യാന്വേഷണം നടത്താൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ: ലാക്കപ്പുമർദ്ദനം നടത്താൻ പാടില്ലെന്നു് ഗവണ്മെണ്ടിൽനിന്നും സർക്കുലർ അയച്ചതിനുശേഷം പരാതികൾ കിട്ടിയിട്ടുണ്ടോ?

Mr. Speaker: The question is vague.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ലാക്കപ്പുമർദ്ദനം നടത്താൻ പാടില്ലെന്നു് ഗവണ്മെണ്ടിൽനിന്നും ഉത്തരവയച്ചിട്ടുണ്ടെന്നു പറയുകയുണ്ടായി. അങ്ങിനെ ഉത്തരവയച്ചതിനുശേഷം ലാക്കപ്പുമർദ്ദനം നടത്തിയതായി എവിടെനിന്നെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ എന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ലാക്കപ്പുമർദ്ദനവിദഗ്ധന്മാരായ:—

Mr. Speaker: That is disallowed.

ശ്രീ. സി. കേശവൻ: പരാതികൾ കിട്ടിയിട്ടില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ലാക്കപ്പു മർദ്ദനത്തിൽ വൈദഗ്ധ്യം നേടുന്നതു് ഉദ്യോഗകയറ്റത്തിനു് മാനദണ്ഡമായി പൊലീസുകാർ കരുതിവരുന്നു എന്ന വിവരം ഗവണ്മെണ്ടിനു് അറിയാമോ?

Mr. Speaker: That again cannot be allowed.

ശ്രീ. എ. കെ. പാച്ചുപിള്ള: ലാക്കപ്പുമർദ്ദനങ്ങളെ സംബന്ധിച്ചു് എത്ര പരാതികൾ വന്നിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അതു് നോട്ടീസുകൂടാതെ പറയാൻ സാധ്യമല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആലപ്പുഴ ഡെപ്യൂട്ടി കലക്ടർ ഗവണ്മെണ്ടിലേക്കു് റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: നോക്കിയാലെ പറയാൻ നിവൃത്തിയുള്ളു.

പ്രിവൻറീവു് ആൻറ് ഡിറ്റൻഷൻ ആക്ടു്

*൭൫൨. (൨൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫു് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly